"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-23-09-2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 'കൈതാരം പുലയ മഹാസഭ കമ്മ്യൂണിറ്റി ഹാൾ' പദ്ധതിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.1997/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 22/10/2020

---

പരാമർശം:- 1 പറവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 16.05.2020-ലെ കത്ത്

2 23.09.2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.43(ii) -ാം നമ്പർ തീരുമാനം

**ഉത്തരവ്**

പറവൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കോട്ടുവള്ളി ഗ്രാമപഞ്ചായത്തിലെ 19-ാം വാർഡിൽ കോട്ടുവള്ളി കൈതാരം പുലയ ഐക്യ സമാജം വക 6 സെന്റ് സ്ഥലമുണ്ട്. ഇതിനു സമീപ പ്രദേശങ്ങളിലായി 125 ഓളം പട്ടികജാതി കുടുംബങ്ങൾ ഉണ്ട്. ഇവിടെ കമ്മ്യൂണിറ്റി ഹാൾ പണിയാൻ ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉദ്ദേശിക്കുന്നു. സ്ഥലം പഞ്ചായത്തിനു വിട്ടു നൽകാൻ സമാജം തയ്യാറല്ല. പഞ്ചായത്തിന്റെ ആസ്തി അല്ലാത്തതിനാൽ പദ്ധതിക്ക് ജില്ലാ ആസൂത്രണസമിതി അനുമതി നൽകാത്ത സാഹചര്യത്തിൽ പ്രത്യേകാനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. ഇക്കാര്യം പരിഗണിച്ച വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി പൊതു ആവശ്യത്തിനും പഞ്ചായത്തിന്റെ ആവശ്യത്തിനും കെട്ടിടം ഉപയോഗിക്കാൻ വിട്ടു നൽകണമെന്ന നിബന്ധനയോടെ അനുമതി നൽകാൻ പരാമർശം (2) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ പറവൂർ ബ്ലോക്ക് പഞ്ചായത്ത് 2020-21 വാർഷിക പദ്ധതിയിൽ ആവിഷ്കരിച്ച കൈതാരം പുലയ മഹാസഭ കമ്മ്യൂണിറ്റി ഹാൾ എന്ന പദ്ധതിയ്ക്ക്, പണികഴിപ്പിക്കുന്ന കമ്മ്യൂണിറ്റി ഹാൾ പൊതു ആവശ്യത്തിനും പഞ്ചായത്തിന്റെ ആവശ്യത്തിനും ഉപയോഗിക്കാൻ വിട്ടു നൽകണമെന്ന നിബന്ധനയോടെ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYASREE P N

**അണ്ടർ സെക്രട്ടറി**

പകർപ്പ്

പ്രസിഡണ്ട്/സെക്രട്ടറി. പറവൂർ. എറണാകുളം

ജില്ലാ പ്ലാനിംഗ് ഓഫീസർ, എറണാകുളം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്). തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ). തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

✓ എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by NISAM N
Date: 2020.10.07 10:53:20 IST
Reason: Approved

സെക്ഷൻ ഓഫീസർ